"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

<u>സംഗ്രഹം</u>

രാജീവ് ആവാസ് യോജന (ആർ.എ.വൈ) - പദ്ധതിയുടെ ആനുപാതിക സംസ്ഥാന വിഹിതം ₹6,94,50,600/- പി.എം.എ.വൈ (നഗരം) പദ്ധതിക്കായി കോർപറേഷനുകൾക്കുള്ള ശീർഷകത്തിൽ - കുടുംബശ്രീ മിഷന് - അനുവദിച്ച് - ഉത്തരവ് - പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ (ഡിസി) വകുപ്പ്**

G.O.(Rt) No.833/2021/LSGD തീയതി, തിരുവനന്തപുരം, 31/03/2021

---

പരാമർശം:- 1 കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയത്തിന്റെ 20/09/2019 - തീയതിയിലെ F.No.N-11018/20/2018/HFA-III-UD(CNo-9048650) നമ്പർ കത്ത്

2 സ.ഉ. (സാധാ) നം.2692/2019/തസ്വഭവ തീയതി 28.11.2019

3 കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 06/08/2020 തീയതിയിലെ 4469/N/2011/KSHO നമ്പർ കത്ത്

<u>ഉത്തരവ്</u>

ചേരിരഹിത ഭാരതം' എന്ന ലക്ഷ്യത്തോടെ കേന്ദ്ര – സംസ്ഥാന സർക്കാരുകളുടെ സംയുക്ത ആഭിമുഖ്യത്തിൽ നടപ്പിലാക്കി വന്ന രാജീവ് ആവാസ് യോജന പദ്ധതിക്ക് മേൽ സൂചന 1 ലെ കത്ത് പ്രകാരം കേന്ദ്ര വിഹിതത്തിന്റെ രണ്ടാം ഗഡുവായി 1157.39 ലക്ഷം രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

2. ടി തുകയുടെ ആനുപാതിക സംസ്ഥാന വിഹിതമായ 694.506 ലക്ഷം രൂപ ഉൾപ്പെടെ 1851.896 ലക്ഷം രൂപ അനുവദിച്ചു ഉത്തരവായിട്ടുള്ളതിൽ കേന്ദ്ര വിഹിതമായ 1157.39 രൂപ മാത്രമാണ് കുടുംബശ്രീക്ക് ലഭിച്ചിട്ടുള്ളത് എന്നും പ്രസ്തുത തുക തിരുവനന്തപുരം കോർപറേഷന് നൽകിയിട്ടുണ്ട് എന്നും, ആയതിനാൽ സംസ്ഥാന വിഹിതമായ 694.506 ലക്ഷം രൂപ അടിയന്തിരമായി അനുവദിച്ചു നൽകണമെന്നും സൂചന 3 ലെ കത്ത് പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. രാജീവ് ആവാസ് യോജന (ആർ.എ.വൈ) പദ്ധതിയുടെ സംസ്ഥാന വിഹിതമായ 6,94,50,600/- (ആറ് കോടി തൊണ്ണൂറ്റി നാല് ലക്ഷത്തി അമ്പതിനായിരത്തി അറുന്നൂറ് രൂപ മാത്രം) രൂപ പി.എം.എ.വൈ (നഗരം) പദ്ധതിക്കായി കോർപറേഷനുകൾക്കുള്ള ശീർഷകത്തിൽ (2217-05-191-74) ഉൾപ്പെടുത്തി അർബൻ ഹൗസിംഗ് മിഷന്റെ ICICI ബാങ്ക് A/C No.033601001669, IFSC.ICIC0000336 (പി.എഫ്.എം.എസ്. ലിങ്ക്ഡ് ബാങ്ക്) പഴയ റോഡ് ബ്രാഞ്ച്, മെഡിക്കൽ കോളേജ് എന്ന അക്കൗണ്ടിൽ അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BISHWANATH SINHA IAS
PRINCIPAL SECRETARY

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
ധനകാര്യ വകുപ്പ് [No.DEV2/64/2021-FIN(1717161)]
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എൽ ബി എ & എ/എ&ഇ), കേരള,
തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ (വെബ് &ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.